# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5035 06.02.2014 ൽ മറുപടിക്ക്

### കണ്ണൂർ ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യം

| ചോദ്യം<br>ശ്രീ.സി. കൃഷ്ണൻ: | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പട്ടികയിൽ കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | എ) നിലവിലുള്ള എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര, കരിവെള്ളൂർ-പെരളം, കാങ്കോൽ-ആലപ്പടമ്പ് എന്നീ പഞ്ചായത്തുകളിൽ ഇപ്പോൾ താമസിക്കുന്ന ചില രോഗബാധിതരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ദുരിതബാധിത പഞ്ചായത്തുകളായി കണക്കാക്കുന്നത് എൻഡോസൾഫാൻ ആകാശമാർഗ്ഗേന തളിച്ച പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളെയാണ്. |
| ബി) ഇല്ലെങ്കിൽ കാസർഗോഡ് ജില്ലയുടെ സമീപ പഞ്ചായത്തുകളായ കണ്ണൂർ ജില്ലയിലെ കാങ്കോൽ, ആലപ്പടമ്പ്, പെരിങ്ങോം, വയക്കര എന്നീ പഞ്ചായത്തുകളെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ